Draft #59 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 16-Jun-2021 07:08 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 16.06.2021

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല ഭരണം: കോവിഡ് 19 നിർവ്യാപനം - 'ലോക്ക് ഡൗൺ' ഇളവുകൾ - സർവ്വകലാശാല പ്രവർത്തനങ്ങളുടെ ക്രമീകരണം - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 08.06.2021 തീയതിയിലെ 17152/AD A1SO/2020/എ ഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
2. 12.06.2021 തീയതിയിലെ 17152/AD A1SO/2020/എ ഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
3. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 15.06.2021 തീയതിയിലെ G.O.(Rt)No.467/2021/DMD നമ്പർ ഉത്തരവ്.

-------------

കോവിഡ് 19 രോഗ നിർവ്യാപനത്തിൻറെ ഭാഗമായി, സംസ്ഥാന സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരുന്നതിൻറെ പശ്ചാത്തലത്തിൽ, സർവ്വകലാശാല പ്രവർത്തനങ്ങൾ സൂചന (1), (2) പ്രകാരം ക്രമീകരിച്ചിരുന്നു.

എന്നാൽ, സൂചന (3) സർക്കാർ ഉത്തരവ് പ്രകാരം, 2021 മെയ് 8 മുതൽ സംസ്ഥാനത്ത് തുടർന്നുവരുന്ന ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്ക്, കോവിഡ് വ്യാപനത്തിൻറെ തീവ്രത അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നാല് കാറ്റഗറിയായി തിരിച്ച് ഇളവുകൾ നൽകിയിരിക്കുന്നു. ആയത് പ്രകാരം, A, B കാറ്റഗറിയിൽപ്പെടുന്ന പ്രദേശങ്ങളിലെ കേന്ദ്ര / സംസ്ഥാന സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ 2021 ജൂൺ 17 മുതൽ 25% ജീവനക്കാരുമായി റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നും, ശേഷിക്കുന്ന ജീവനക്കാർ 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിൽ 2021 ജൂൺ 17 മുതൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടെ നടപ്പിൽ വരുത്തിക്കൊണ്ട്, സർവ്വകലാശാല പ്രവർത്തനങ്ങളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊള്ളുന്നു.

1. പരീക്ഷ നടത്തിപ്പിനുള്ള മുന്നൊരുക്കങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ ജീവനക്കാരെ നേരിട്ട് നിയോഗിച്ചുകൊണ്ട് പരീക്ഷാ വിഭാഗത്തിൻറെ പ്രവർത്തനം തുടരുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തിയിരിക്കുന്നു.
2. മറ്റു വിഭാഗങ്ങളിലും, പഠന വകുപ്പുകൾ, സ്റ്റഡി സെൻററുകൾ, ലൈബ്രറി എന്നിവിടങ്ങളിലും 25% ജീവനക്കാരെ വീതം റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിച്ച് പ്രവർത്തനം തുടരാൻ ബ്രാഞ്ച് ഓഫീസർമാരെ / വകുപ്പ് മേധാവികളെ / ലൈബ്രേറിയനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജീവനക്കാരുടെ ദൈനംദിന ഹാജർ നില, ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാർ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. സർവ്വകലാശാലയിലെ സെക്യൂരിറ്റി, ക്ലീനിംഗ്, ഗാർഡൻ, ഡ്രൈവർ, കണ്ടക്ടർ, ഹെൽത്ത് സെൻറർ, എൻജിനീയറിംഗ് (ജലവിതരണം, ഇലക്ട്രിസിറ്റി) തുടങ്ങിയ അവശ്യ സേവന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാർ 25% എന്ന വ്യവസ്ഥ കണക്കാക്കാതെ 2021 ജൂൺ 17 മുതൽ പൂർണ്ണമായ തോതിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.
4. CITAD, CETEX വിഭാഗങ്ങളിലെ പ്രോഗ്രാമർമാർ, ഹാർഡ്‌വെയർ എൻജിനീയർമാർ എന്നിവരും 25% എന്ന വ്യവസ്ഥ കണക്കാക്കാതെ 2021 ജൂൺ 17 മുതൽ പൂർണ്ണമായ തോതിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.
5. ഗർഭിണികൾ, ഒരു വയസ്സിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ, ഭിന്നശേഷിക്കാർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗുരുതര രോഗ ബാധിതർ, അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകാൻ പോകുന്നവർ/വിധേയരായവർ (ഹൃദയ വാൽവ് മാറ്റി വെയ്ക്കപ്പെട്ടവർ ഉൾപ്പെടെ), ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, ഒരു മാസത്തിന് മുൻപ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാകാൻ പോകുന്നവരുമായ രോഗികൾ (ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേയ്ക്ക്) തുടങ്ങിയ ജീവനക്കാർക്ക് 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഏർപ്പെടുത്തേണ്ടതാണ്.

- 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ സൗകര്യം ലഭ്യമല്ലാത്ത മേൽ പറഞ്ഞ വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ, ടിയാളുകളുടെ വ്യക്തിഗത അപേക്ഷകൾ പരിശോധിച്ചും, സാഹചര്യങ്ങൾ വിലയിരുത്തിയും, യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും, അർഹമെങ്കിൽ ഓഫീസിൽ ഹാജരാകാതിരുന്ന തീയതികൾ പ്രത്യേക ആകസ്മിക അവധിയായി കണക്കാക്കുന്നതിനും, അതാത് ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #59 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 16-Jun-2021 07:08 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം